# Athmaraksha.org

ദൈവത്തിന്റെ കരുണയും, സ്നേഹവും, സംരക്ഷണവും

## മദ്ധ്യാഫ്രിക്കയുമായി വത്തിക്കാന്റെ സാമൂഹ്യവികസന ഉടമ്പടി



വത്തിക്കാനും മദ്ധ്യാഫ്രിക്കയും തമ്മിൽ സമൂഹ്യ പുരോഗതിക്കുള്ള കരാറിൽ ഒപ്പുവച്ചു. സെപ്റ്റംബർ 6-ാം തിയതി ചൊവ്വാഴ്ച തലസ്ഥാന നഗരമായ ബാംഗ്വിയിലെ പ്രസിഡൻഷ്യൽ മന്ദിരത്തിൽ ചേർന്ന സംഗമത്തിലാണ് സമൂഹ്യപുരോഗതിക്കുള്ള ഉഭയകക്ഷി കരാറിൽ വത്തിക്കാന്റെയും മദ്ധ്യാഫ്രിക്കയുടെയും പ്രതിനിധികൾ ഒപ്പുവച്ചത്. അവിടത്തെ ജനങ്ങളുടെ ധാർമ്മികവും ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതി ലക്ഷ്യമാക്കിയാണ് വത്തിക്കാൻ മദ്ധ്യാഫ്രിക്കയുമായി കാറിൽ ഏർപ്പെട്ടിരിക്കുന്നത്.

പ്രസിഡന്റ്, ഫൗസ്റ്റിൻ ആർക്കേഞ്ചെ തൗദേര സന്നിഹിതനായിരുന്ന ചടങ്ങിൽ, വത്തിക്കാനെ പ്രതിനിധീകരിച്ച്, സ്ഥലത്തെ അപ്പസ്തോലിക സ്ഥാനപതി ആർച്ചുബിഷപ്പ് ഫ്രാങ്കോ കൊപ്പൊളയും, മദ്ധ്യാഫ്രിക്കയുടെ വിദേശകാര്യ മന്ത്രി, ചാൾസ് ആർമേൽ ടൂബെയ്നും കരാറിൽ ഒപ്പുവച്ചു. ബാംഗ്വിയുടെ മെത്രാപ്പോലീത്തയും, ദേശീയ മെത്രാൻ സമിതിയുടെ തലവനുമായ ആർച്ചുബിഷപ്പ് എഡ്വേർഡ് ബഡോബോ, മദ്ധ്യാഫ്രിക്കയുടെ സമൂഹ്യ ഉപദേശക സമിതി അംഗം ഇസാമോ ബലിപ്പ എന്നിവരും, ഇരുപക്ഷത്തെയും പ്രമുഖരും നയതന്ത്ര പ്രതിനിധികളും ജനനന്മ ലക്ഷ്യമാക്കിയുള്ള കരാർ ഒപ്പുവച്ച ഔദ്യോഗിക ചടങ്ങിന് സാക്ഷികളായി.

ഉടമ്പടി ലക്ഷ്യവും അതിന്റെ പ്രായോഗികതയും കാലപരിധിയും വ്യക്തമാക്കുന്ന ഉദ്ദേശ്യപ്രസ്താവനയും (Preamble), അതിനെ പിൻതുണയ്ക്കുന്ന 21 വ്യവസ്ഥകളും ഉൾക്കൊള്ളുന്നതാണ് മദ്ധ്യാഫ്രിക്കവത്തിക്കാൻ മാനവവികസന കരാർ. സ്ഥിരീകരണ നടപടിക്രമങ്ങൾ പൂർത്തായായാൽ പൊതുനന്മയ്ക്കും വ്യക്തികളുടെ ധാർമ്മികവും ആത്മീയവും ഭൗതികവുമായ ഉന്നതിക്കായുള്ള കരാർ പ്രാബല്യത്തിൽ വരുമെന്ന് വത്തിക്കാൻ പ്രസ്താവന അറിയിച്ചു.

ഇറ്റലിയിൽത്തന്നെ പല ശാഖകളും, രാജ്യാന്തരതലത്തിൽ ശ്രദ്ധേയമായ സേവനപരിചയവും പഴക്കവും, ഉയർന്ന ഗവേഷണ കേന്ദ്രവുമുള്ള വത്തിക്കാന്റെ കുട്ടികൾക്കായുള്ള ആശുപത്രിയുടെ (Gesu Bambino Paeditaric Hospital Rome) കീഴിലായി മദ്ധ്യാഫ്രിക്കയിലെ ബാംഗ്വിയിൽ

ആശുപത്രി തുറന്നു പ്രവർത്തിക്കുന്നുണ്ട്. ജൂബിലിവത്സരത്തിന്റെ ആരംഭത്തിൽ, നവംബർ 2015ൽ അവിടേയ്ക്ക് പാപ്പാ ഫ്രാൻസിസ് നടത്തിയ സന്ദർശനത്തോടെയാണ് (30, നവംബർ 2015) കുട്ടികൾക്കായുള്ള വത്തിക്കാന്റെ ആശുപത്രിയുടെ ശാഖ ബാംഗ്വിയിൽ തുറന്നത്. മദ്ധ്യാഫ്രിക്കയിലെ ആശുപത്രിയുടെ വികസനവും, തദ്ദേശവാസികളുടെ പഠനവും പരിശീലവും നടപ്പിലാക്കുന്നതിനുള്ള പിൻതുണയും പ്രോത്സാഹനവും വത്തിക്കാൻ ഇപ്പോഴും നൽകുന്നുണ്ട്.

കടപ്പാട് : syromalabarchurch.in